# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം, കായംകുളം – 690 533, കേരളം

भाकृअनुप ICAR

के.रो.फ.अ.सं CPCRI

## വാർത്താപത്രിക
## NEWSLETTER

Vol. 19 Issue 03
വാല്യം 19 ലക്കം 03

July - September 2021
ജൂലൈ – സെപ്തംബർ 2021




## ഉള്ളടക്കം


- കൃഷിവിജ്ഞാന കേന്ദ്രത്തിന് പുരസ്കാര തിളക്കം
- പോഷക പ്രചാരണ പരിപാടി
- കാർഷിക യന്ത്ര സേവന കേന്ദ്രം

**നൂതന സാങ്കേതിക വിദ്യകൾ:**

- 'സമ്പൂർണ്ണ' യിലൂടെ നെൽകൃഷിയിൽ പൂർണ്ണ പോഷണം
- വെറ്റില കൃഷിയിലെ രോഗനിയന്ത്രണ മാർഗ്ഗങ്ങൾ
- മഞ്ഞളിന്റെ അഴുകൽ രോഗം നിയന്ത്രിക്കാം
- ആടിന് നൽകാൻ 'ധാതുലവണ മിശ്രിതം'

**വിജയഗാഥ:**

- വയലോര കൂൺ സംരംഭം 'മരിയ'

**വിജ്ഞാന വ്യാപന സാങ്കേതിക പ്രവർത്തനങ്ങൾ**


കെ.വി.കെ.യുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ QR CODE സ്കാൻ ചെയ്യുക.


**കെ. വി. കെ. യുമായി ബന്ധപ്പെടാൻ...**

ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ : 0479 2449268
0479 2959268, 9447790268
Email: kvk.Alappuzha@icar.gov.in
kvkalapuzha@gmail.com
Website : www.kvkalappuzha.org


## കൃഷിവിജ്ഞാന കേന്ദ്രത്തിന് പുരസ്കാര തിളക്കം



ICAR-NATIONAL RESEARCH CENTRE FOR BANANA
Sardar Patel Outstanding ICAR Institute - 2020
(Indian Council of Agricultural Research)
Thogamalai Road, Thayanur (Post)
Tiruchirappalli - 620 102, Tamil Nadu

Award Certificate

In recognition of outstanding achievements made in the transfer of banana related technologies
ICAR - KVK
Alappuzha, Kayamkulam
is conferred with "Best KVK Award - 2021" during 28th Foundation Day held on 21st August, 2021 at ICAR - NRC for Banana, Tiruchirappalli, Tamil Nadu.

S.Uma
Director

ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള തിരുച്ചിറപ്പള്ളിയിലെ ദേശീയ വാഴ ഗവേഷണ കേന്ദ്രം (ICAR-NRCB) ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തെ മികച്ച കൃഷി വിജ്ഞാന കേന്ദ്രത്തിനുള്ള പുരസ്കാരം നൽകി ആദരിച്ചു. വാഴകൃഷിയിൽ മികച്ച വരുമാനം ലഭ്യമാക്കാൻ വിളപരിപാലന - സസ്യസംരക്ഷണ മേഖലകളിലും, വാഴയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ മേഖലയിലും അനുവർത്തിക്കേണ്ട വിവിധ കാർഷിക സാങ്കേതിക വിദ്യകളെ കർഷകരിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് പുരസ്കാരം നൽകിയത്. വാഴത്തടയും ഇലകളുമടക്കമുള്ള വസ്തുക്കൾ ഉപയോഗിച്ച് കൂൺകൃഷി, കമ്പോസ്റ്റ് നിർമ്മാണം എന്നിവ നടപ്പിലാക്കുക വഴി വാഴകർഷകരുടെ വരുമാനം ഇരട്ടിപ്പിക്കാനുള്ള കെ.വി.കെയുടെ ഉദ്യമങ്ങൾ പ്രശംസിക്കപ്പെട്ടു. 2021 ആഗസ്റ്റ് 21ന് വാഴ ഗവേഷണ കേന്ദ്രത്തിന്റെ സ്ഥാപക ദിനാഘോഷചടങ്ങിൽ വച്ച് ഐ.സി.എ.ആറിന്റെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. എ.കെ.സിംഗ് ഓൺലൈനായി പുരസ്കാരം വിതരണം ചെയ്തു. ഭാരത സർക്കാരിന്റെ കാർഷിക കമ്മീഷണർ ഡോ.എസ്.കെ മൽഹോത്ര, ബംഗ്ളൂരു ATARI ഡയറക്ടർ ഡോ. വി.വെങ്കട സുബ്രഹ്മണ്യൻ, വാഴ ഗവേഷണ സ്ഥാപനത്തിന്റെ ഡയറക്ടർ ഡോ.എസ്.ഉമ തുടങ്ങി ഒട്ടേറെ പ്രമുഖ വ്യക്തികളും ചടങ്ങിൽ പങ്കെടുത്തു.

## പോഷക പ്രചാരണ പരിപാടി



പൗരൻമാരുടെ ആരോഗ്യവും രോഗപ്രതിരോധ ശേഷിയും വർദ്ധിപ്പിക്കാൻ ഉതകുന്നതിനുള്ള പോഷക സമ്പുഷ്ടവും വൈവിധ്യമാർന്നതുമായ ആഹാരശീലങ്ങൾ പ്രചരിപ്പിക്കുന്നതിനായി സെപ്തംബർ 17ന് പോഷക പ്രചാരണ മാസത്തിന് തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി പുലിയൂർ പഞ്ചായത്ത് ഹാളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കർഷകരും ജനപ്രതിനിധികളുമടക്കം 30 പേർ പങ്കെടുത്ത പരിപാടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം.ജി. ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. വീടുകളിൽ പോഷകത്തോട്ടം ഒരുക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും വിവിധ വിളപരിപാലന മുറകളെക്കുറിച്ചും കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റായ ശ്രീ. രാജീവ് എം.എസ് വിവരിച്ചു. കോവിഡിനെ ചെറുക്കുന്നതിനും അതിജീവിക്കുന്നതിനും പോഷക

സമൃദ്ധമായ ഭക്ഷണശീലങ്ങൾ പാലിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റായ ശ്രീമതി. ജിസ്സി ജോർജ്ജ് ബോധവത്കരണം നടത്തി. പച്ചക്കറി വിത്തുകൾ, ഫലവർഗ്ഗ ചെടികളുടെ നടീൽ വസ്തുക്കൾ, കാർഷിക വിളകൾക്കുള്ള പോഷക മിശ്രിതം എന്നിവ അടങ്ങിയ പോഷകത്തോട്ട കിറ്റ് കർഷകർക്കായി വിതരണം ചെയ്തു. ഇഫ്കോ (IFFCO) പ്രതിനിധി ശ്രീ. സച്ചിൻ സതീഷ്, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ കർഷകരെ അഭിസംബോധന ചെയ്തു. അന്നേദിവസം മുളക്കുഴ കൃഷിഭവനിൽ സംഘടിപ്പിച്ച പരിപാടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. രമ്യമോഹൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പങ്കെടുത്ത ജനപ്രതിനിധികളടക്കം ഇരുപത്തിയഞ്ചോളം പേർക്കും വിത്തും ഉൽപ്പാദനോപാധികളുമടങ്ങിയ കിറ്റ് വിതരണം ചെയ്തു.



## കെ.വി.കെയുടെ കാർഷികയന്ത്ര സേവന കേന്ദ്രം






കേന്ദ്രസർക്കാരിന്റെ കാർഷിക യന്ത്രവത്ക്കരണ പദ്ധതി (SMAM)യുടെ ഭാഗമായി ജില്ലയിലെ കർഷകർക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ ഒരു കാർഷിക യന്ത്രസേവന കേന്ദ്രം കെ.വി.കെയിൽ സജ്ജമാക്കിയിരുന്നു. കർഷകർക്ക് ആവശ്യമായ കാർഷിക യന്ത്രങ്ങളായ ട്രാക്ടർ, കൾട്ടിവേറ്റർ, റോട്ടോവേറ്റർ, കാർഷിക ജൈവാവശിഷ്ടങ്ങൾ പൊടിക്കുന്നയന്ത്രം, പുതയിടൽയന്ത്രം, സീറോ ടില്ലേജ് സീഡ് കം ഫെർട്ടിലൈസർ ഡ്രിൽ, ഞാറ് നടീൽയന്ത്രം, നെല്ലുകുത്ത് യന്ത്രം തുടങ്ങിയവയാണ് ലഭ്യമായിട്ടുള്ളത്. കർഷകർക്ക് വളരെ മിതമായ വാടക നിരക്കിൽ ഈ യന്ത്രങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ കർഷക കർമ്മ സേനകൾക്ക് ഇവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുന്നതുമാണ്. ഭരണിക്കാവ് ബ്ലോക്കിലെ മഹിളാ കിസാൻ ശാക്തീകരൺ പദ്ധതിയിലെ അംഗങ്ങളായ വനിതകൾക്ക് ഇത്തരത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉത്പാദക കമ്പനിയുമായും സഹകരിച്ച് പ്രവർത്തനം വ്യാപിപ്പിക്കുകയാണിപ്പോൾ.

## നൂതനകാർഷിക സാങ്കേതിക വിദ്യകൾ

### ‘സമ്പൂർണ’യിലൂടെ നെൽകൃഷിയിൽ പൂർണ പോഷണം




തുടർച്ചയായി നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ കുമ്മായ വസ്തുക്കളുടേയും സമീകൃതവള പ്രയോഗത്തിന്റേയും അഭാവത്തിൽ ഉയർന്ന അമ്ലത്വവും കാത്സ്യം, മഗ്നീഷ്യം, സിങ്ക്, ബോറോൺ തുടങ്ങിയ മൂലകങ്ങളുടെ അപര്യാപ്തതയും കാണപ്പെടുന്നു. പ്രാഥമിക മൂലകങ്ങളായ N,P,K എന്നിവ നെൽകൃഷിയിൽ ഉപയോഗിക്കാൻ കർഷകർ ശ്രദ്ധിക്കാറുണ്ടെങ്കിലും ദ്വിതീയ സൂക്ഷ്മ മൂലകങ്ങൾ സാധാരണയായി വളമായി നൽകാറില്ല. അതിനാൽ മണ്ണ് പരിശോധനാധിഷ്ടിത വളപ്രയോഗ രീതിയിൽ മേൽപറഞ്ഞ മൂലകങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. ഇലകൾക്ക് വീതി കുറയുന്നതും നെൽമണികളുടെ എണ്ണവും തൂക്കവും കുറയുന്നതും ഇത്തരം മൂലകങ്ങളുടെ അഭാവലക്ഷണമാണ്.

ഇതിന് പരിഹാരമായി കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയ ദ്വിതീയ സൂക്ഷ്മ മൂലക മിശ്രിതമാണ് ‘സമ്പൂർണ’ ഇതിൽ സിങ്ക് (3–4%), ബോറോൺ (3.5–4.5%), ചെമ്പ് (0.5–0.75%), മാംഗനീസ് (<0.2%), മോളിബ്ഡിനം (<0.1%) എന്നിവ കൂടാതെ പൊട്ടാസ്യം, മഗ്നീഷ്യം, സൾഫർ എന്നീ മൂലകങ്ങളും അടങ്ങിയിട്ടുണ്ട്. ഈ മിശ്രിതം 10ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച്

അരിച്ച് സ്പ്രേയറുകൾ ഉപയോഗിച്ച് ഇലകളിലാണ് തളിക്കേണ്ടത്. വിത്ത് വിതച്ച് 50, 70 ദിവസങ്ങളിൽ രണ്ട് തവണയായി ഈ മിശ്രിതം തളിക്കാവുന്നതാണ്. ഞാറ്റടി തയ്യാറാക്കുന്ന സ്ഥലങ്ങളിൽ സമ്പൂർണ 5ഗ്രാം ഒരു ലിറ്ററിന് എന്ന തോതിൽ ലയിപ്പിച്ച് ഞാറ് പറിച്ചെടുക്കുന്നതിന് 3 ദിവസം മുൻപ് ഇലകളിൽ പ്രയോഗിക്കുന്നതും നല്ലതാണ്. കൃഷി വിജ്ഞാനകേന്ദ്രം ചെന്നിത്തല പഞ്ചായത്തിൽ നടത്തിയ മുൻനിര പ്രദർശന പരിപാടിയിൽ സമ്പൂർണ ഉപയോഗിച്ചപ്പോൾ നെൽചെടിയുടെ വളർച്ച, മണികളുടെ എണ്ണം, തൂക്കം എന്നിവയിലും വിളവിലും വർദ്ധനവ് (18.3%) ഉണ്ടായത് കർഷകർക്ക് നേരിട്ട് ബോധ്യപ്പെട്ടു. ഈ മിശ്രിതം കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ ഗവേഷണ കേന്ദ്രങ്ങളിലും കെ.വി.കെ കളിലും ലഭ്യമാണ്.

## വെറ്റില കൃഷിയിലെ രോഗനിയന്ത്രണ മാർഗ്ഗങ്ങൾ



ഓണാട്ടുകര പ്രദേശത്തെ ഒരു പ്രധാന വിളയായ വെറ്റില തുടർച്ചയായി കൃഷിചെയ്യുന്ന ഇടങ്ങളിലും പുതുതായി കൃഷി ആരംഭിച്ച ഇടങ്ങളിലും ഉൽപ്പാദനം കുറഞ്ഞു വരുന്നതായുള്ള കർഷകരുടെ പരാതി പരിഗണിച്ചപ്പോൾ അശാസ്ത്രീയമായ രോഗനിയന്ത്രണമാർഗ്ഗങ്ങളാണ് ഗണ്യമായ വിളനഷ്ടത്തിന് കാരണമെന്ന് കണ്ടെത്തുകയുണ്ടായി. ഇത് പരിഹരിക്കുന്നതിനായി തഴക്കര പഞ്ചായത്തിലെ ഇരുപത് കർഷകരെ ഉൾപ്പെടുത്തി നടത്തിയ മുൻനിര പ്രദർശന പരിപാടിയിൽ ജൈവിക ഉപാധികളായ സ്യൂഡോമോണസ് ഫ്ളൂറസെൻസ്, ട്രൈക്കോഡെർമ, ബോർഡോമിശ്രിതം എന്നിവയുടെ ഉപയോഗം കർഷകരെ പരിചയപ്പെടുത്തി. മിത്രബാക്ടീരിയയായ സ്യൂഡോമോണസ് ഫ്ളൂറസെൻസ് 20ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി രണ്ടാഴ്ചയിലൊരിക്കൽ ഇലകളിലും വള്ളികളിലും വീഴത്തക്കവിധം തളിക്കുകയും മിത്രകുമിളായ ട്രൈക്കോഡെർമ ചേർത്ത് സമ്പുഷ്ടീകരിച്ച ജൈവവള-വേപ്പിൻ പിണ്ണാക്ക് മിശ്രിതം മണ്ണിൽ ചേർത്ത് കൊടുക്കുകയും ചെയ്തു. രോഗബാധ കാണപ്പെട്ട വാരങ്ങളിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം വള്ളികളിലും ഇലകളിലും തളിക്കുകയും കോപ്പർ ഓക്സീക്ലോറൈഡ് 3ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലയിപ്പിച്ച് വാരത്തിലൊഴിച്ചു കൊടുക്കുകയും ചെയ്തു. മേൽപറഞ്ഞ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിച്ചപ്പോൾ രോഗവ്യാപനം കുറയുന്നതായും ഇലയുടെ വലുപ്പം കൂടുന്നതായും കർഷകർ അഭിപ്രായപ്പെട്ടു. ഇത് ഏകദേശം 48 ശതമാനത്തോളം വിളവർദ്ധനവിനും സഹായിച്ചു.

## മഞ്ഞളിന്റെ അഴുകൽ രോഗം നിയന്ത്രിക്കാം



ആലപ്പുഴ ജില്ലയുടെ പ്രധാന വിളയായി മാറിയ മഞ്ഞളിന്റെ അഴുകൽ രോഗത്തെ ജൈവികമാർഗ്ഗങ്ങളിലൂടെ നിയന്ത്രിക്കുക വഴി ഗുണമേന്മയുള്ള മഞ്ഞളിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാം. തെക്കേക്കര പഞ്ചായത്തിൽ നടത്തിയ മുൻനിര പ്രദർശന പരിപാടിയിൽ പങ്കെടുത്ത 25 കർഷകരെ മാങ്കോസേബ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ ഉപയോഗിച്ചുള്ള വിത്ത് പരിചരണം, ട്രൈക്കോഡെർമ ചേർത്ത് സമ്പുഷ്ടീകരിച്ച ജൈവവളത്തിന്റെ ഉപയോഗം എന്നീ നിയന്ത്രണ മാർഗ്ഗങ്ങൾ പരിചയപ്പെടുത്തി. വിത്ത് നട്ട് 45 ദിവസത്തിന് ശേഷം സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച ലായനി വാരം കുതിർക്കുന്നതിനും ഇലകളിൽ തളിക്കുന്നതിനും ഉപയോഗിച്ചു. മേൽപറഞ്ഞ സാങ്കേതികവിദ്യ അവലംബിച്ച കൃഷിയിടങ്ങളിൽ രോഗബാധ കുറഞ്ഞതായും ചെടികളുടെ കായികവളർച്ചയും വിളവും കൂടിയതായും കാണപ്പെട്ടു. ഒരു സെന്റിൽ നിന്നും ഏകദേശം 75 കിലോ മഞ്ഞൾ ലഭിച്ചതായും 10.1% വിളവ് വർദ്ധിച്ചതായും കർഷകർ സാക്ഷ്യപ്പെടുത്തി.

## ആടിന് നൽകാൻ 'ധാതു ലവണ മിശ്രിതം'.



മൃഗപരിപാലന മേഖലയിലെ കർഷകർക്ക് കുറഞ്ഞ കാലയളവിനുള്ളിൽ മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിന് ആടുവളർത്തൽ ഒരു നല്ല സംരംഭമാണ്. എങ്കിലും വളർച്ചാ മുരടിപ്പ്, ക്രമം തെറ്റിയുള്ള മദിചക്രം എന്നിവ ആടുകളുടെ ഉത്പാദനക്ഷമത കുറയാൻ കാരണമാകുന്നു. ഇതിന് പരിഹാരമായാണ് ബംഗ്ളൂരിലുള്ള ICAR-NIANP എന്ന സ്ഥാപനം ആടുകൾക്ക് നൽകുന്നതിനുള്ള ഒരു ധാതുലവണ മിശ്രിതം രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇത് കുഞ്ഞാടുകൾക്ക് 5 ഗ്രാം, മുതിർന്ന ആടുകൾക്ക് 10 ഗ്രാം എന്ന തോതിൽ തീറ്റയിൽ കലർത്തിയാണ് ദിനം പ്രതി നൽകേണ്ടത്. ചെട്ടികുളങ്ങര പഞ്ചായത്തിലെ 20 കർഷകരെ ഉൾപ്പെടുത്തി നടത്തിയ മുൻനിര പ്രദർശന പരിപാടിയിൽ പ്രസ്തുത മിശ്രിതം നൽകിയ ആടുകളിൽ വളർച്ചാതോത് വർദ്ധിച്ചതായും പതിവിലും ഒരു മാസം മുൻപ് തന്നെ മദിലക്ഷണം കണ്ടതായും, മദിചക്രം ക്രമപ്പെട്ടതായും കർഷകർ അഭിപ്രായപ്പെട്ടു. 6 മാസം പ്രായമെത്തിയ സാധാരണ പെണ്ണാടുകളുടെ തൂക്കം 13.7 കിലോയും മിശ്രിതം നൽകിയ ആടുകളുടെ തൂക്കം 20.6 കിലോയും രേഖപ്പെടുത്തി. മുട്ടനാടുകൾക്ക് ഇവ യഥാക്രമം 11.7

കിലോ, 15.7 കിലോ എന്നിങ്ങനെയായിരുന്നു. ആട് വളർത്തുന്ന കർഷകർക്ക് ഒരു നല്ല ഉപാധിയാണ് ഈ ധാതുലവണ മിശ്രിതം. ഈ മിശ്രിതത്തെകുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് കെ.വി.കെയുമായി ബന്ധപ്പെടാവുന്നതാണ്.

# വിജയഗാഥ

## വയലോര കൂൺ സംരംഭം 'മരിയ'



മുട്ടാർ പഞ്ചായത്തിലെ മുളവനക്കരി പാടശേഖരത്തോട് ചേർന്ന് വയലുകളാൽ ചുറ്റപ്പെട്ട പീടിയാക്കൽ കുടുംബത്തിലെ വീട്ടമ്മയാണ് ശ്രീമതി. മഞ്ജു സേവ്യർ. ആതുര സേവന രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വച്ച മഞ്ജുവിന് ചില കുടുംബ പ്രശ്നങ്ങളാൽ കൈമുതലായ ഉദ്യോഗം നഷ്ടപ്പെടുത്തേണ്ടതായി വന്നു. സ്വാഭാവികമായി ഉടലെടുത്ത മനോവിഷമത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് മുന്നേറാൻ മഞ്ജുവിനെ സഹായിച്ചത് കൃഷിയോടുള്ള താൽപര്യമാണ്. അതുകൊണ്ട് തന്നെ ഒരു കാർഷിക സംരംഭം തുടങ്ങണമെന്ന ചിന്ത മഞ്ജുവിനെ അലട്ടിക്കൊണ്ടിരുന്നു.

യഥേഷ്ടം ലഭ്യമാകുന്ന വൈക്കോൽ മൂല്യ വർദ്ധനവ് ചെയ്തെടുക്കാൻ സാധിക്കുന്ന വിവിധ സംരംഭങ്ങളെക്കുറിച്ച് ആലോചിക്കുകയും കൂൺ കൃഷിയിൽ എത്തിച്ചേരുകയും ചെയ്തു. ഇതിന്റെ പ്രായോഗിക വശങ്ങൾ മനസിലാക്കുന്നതിനായി സമീപിച്ചത് ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തെയാണ്. ഇതിന്റെ തുടർച്ചയെന്നോണം ഭക്ഷണത്തിൽ കൂൺ ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം തന്റെ പഞ്ചായത്തിലെ വീട്ടമ്മമാരെ ബോധ്യപ്പെടുത്തുന്നതിനായി കെ.വി.കെയിലെ വിദഗ്ദ്ധരുടെ സഹായത്താൽ ഒരു ബോധവത്കരണ പരിപാടിയും സംഘടിപ്പിച്ചു. പ്രായോഗിക അറിവുകൾ നേടിയശേഷം വീട്ടിലെ ഒരു മുറി കൂൺകൃഷിക്ക് അനുയോജ്യമായ രീതിയിൽ സജ്ജമാക്കി. ആദ്യമായി തയ്യാറാക്കിയ കൂൺ തടങ്ങൾ പരിചരിച്ച് വിവിധ വളർച്ചാഘട്ടങ്ങൾ സൂഷ്മതയോടെ മനസിലാക്കി വിളവെടുപ്പ് നടത്തി. ഈ സംരംഭത്തിൽ തന്നെ ഉറച്ചുനിൽക്കാൻ തീരുമാനിച്ച മഞ്ജു തന്റെ സുഹൃത്തായ ശ്രീമതി. ബിന്ദുവിന്റെ സഹായത്താൽ കൂൺ തടങ്ങളുടെ എണ്ണം ക്രമമായി വർദ്ധിപ്പിച്ചു. കെ.വി.കെയുടെ സാങ്കേതിക സഹായവും മുട്ടാർ കൃഷിഭവനിൽ നിന്നു ലഭിച്ച സാമ്പത്തിക സഹായവും കൃഷി മെച്ചപ്പെടുത്തുവാൻ അവർക്ക് സഹായകമായി. സ്ഥിരോത്സാഹവും ഉറച്ച ആത്മവിശ്വാസവും കൊണ്ട് പ്രതിവർഷം 3-3.5 ക്വിന്റൽ കൂൺ ഉത്പാദിപ്പിക്കത്തക്ക രീതിയിൽ സംരംഭം വളർത്തിയെടുക്കാനും അതുവഴി നല്ലൊരു വരുമാനം ഉണ്ടാക്കുവാനും അവർക്ക് കഴിഞ്ഞു. കൂണിന്റെ ഗുണങ്ങൾ മനസ്സിലാക്കിയ മുട്ടാറിലേയും സമീപപ്രദേശങ്ങളിലേയും ഉപഭോക്താക്കൾക്ക് 'മരിയ കൂൺ' എന്ന പേരിൽ കൂൺ ലഭ്യമാക്കുന്നു. തങ്ങളുടെ പ്രവർത്തന മികവിലൂടെ മുട്ടാർ പഞ്ചായത്തിലെ 2021-ലെ മികച്ച കൂൺ കർഷകർക്കുള്ള ബഹുമതിയും അവർ നേടുകയുണ്ടായി. കൂണിന് ആവശ്യക്കാർ കൂടിയതോടെ പാടശേഖരത്തോട് ചേർന്ന് ഒരു കൂൺശാല നിർമ്മിക്കാനുള്ള ശ്രമത്തിലാണ് ഈ വീട്ടമ്മമാർ.



# വിജ്ഞാന വ്യാപന സാങ്കേതിക പ്രവർത്തനങ്ങൾ

I. ഈ കാലയളവിൽ വിവിധ വിഷയങ്ങളിലായി 25 പരിശീലനപരിപാടികൾ ഓൺലൈനായും കർഷകരുടെ കൃഷിയിടങ്ങളിലുമായി സംഘടിപ്പിച്ചു. ആകെ 950ഓളം പരിശീലനാർത്ഥികൾ ഈ പരിശീലനങ്ങളിൽ പങ്കെടുത്തു. കൃഷിയിട പരിശീലനങ്ങളിൽ കോവിഡ്- 19 നിയന്ത്രണ മാനദണ്ഡങ്ങൾ ഉറപ്പു വരുത്തിയിരുന്നു.

II. അഞ്ഞൂറോളം കർഷകരുടെ സംശയങ്ങളും അന്വേഷണങ്ങളും നേരിട്ടും ഫോണിലൂടെയും സ്വീകരിച്ച് അവയ്ക്കാവശ്യമായ ഉപദേശങ്ങൾ നൽകുകയുണ്ടായി.

III. നാൽപത്തിയൊൻപത് മണ്ണ്/ജല സാമ്പിളുകൾ പരിശോധിച്ച് ആവശ്യമായ ശുപാർശകൾ നൽകുകയും ചെയ്തു.

IV. വാഴക്കായയിൽ നിന്നും വാഴയുടെ മറ്റ് ഭാഗങ്ങളിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തിലുള്ള കെ.വി.കെ യുടെ പ്രവർത്തനങ്ങളെ അധികരിച്ചുള്ള കിസാൻ കൃഷിദീപം പരിപാടി ജൂലായ് 31ന് ഏഷ്യാനെറ്റ് സംപ്രേക്ഷണം ചെയ്തു.

V. പ്രതികൂല കാലാവസ്ഥയെ അതിജീവിക്കുന്നതിനായി ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ വികസിപ്പിച്ചെടുത്ത 35 വിളകളുടെ ഇനങ്ങൾ പ്രധാനമന്ത്രി ശ്രീ.നരേന്ദ്രമോദി രാഷ്ട്രത്തിന് സമർപ്പിച്ചു. ചടങ്ങിനോടനുബന്ധമായി കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ അനിവാര്യതയെ ആസ്പദമാക്കി ഒരു കർഷക-ശാസ്ത്രജ്ഞ മുഖാമുഖം 2021സെപ്തംബർ 28ന് ഓൺലൈനായി സംഘടിപ്പിച്ചു.





VI. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം എടത്വ പഞ്ചായത്തിൽ നടപ്പിലാക്കുന്ന 'കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി'യെക്കുറിച്ചുള്ള വിശദീകരണയോഗം സെപ്തംബർ 17ന് എടത്വ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മറിയാമ്മ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പഞ്ചായത്ത് അംഗങ്ങളുടെ യോഗത്തിൽ ഡോ. എസ്. രവി പദ്ധതി പ്രവർത്തനങ്ങൾ വിശദീകരിച്ചു.

Printed & Published by: **Dr. (Mrs.) Anitha Karun**, Acting Director, ICAR-CPCRI, Kasaragod
Co-ordination & Editing: **Dr. P. Muralidharan**, Principal Scientist & Head. Text, Layout & Compilation: **Dr. K. Sajnanath**
Technical Inputs: **Jissy George, Rajeev M.S, Lekha G, Dr. S. Ravi & Dr. T. Sivakumar**
Technical Support : **Ansary K.M., Bijila P.V., Muhammed Ijaz. N & Arathy R Pillai**